# സ്വഉപകാരിയായി അപകാരിക്കു മേലും ഉപകാരം ചെയ്യൂ, സർവ്വശക്തി, സർവ്വഗുണ സമ്പന്ന ബഹുമാന ദാതാവാകൂ

ഇന്ന് സ്നേഹത്തിന്റെ സാഗരം തന്റെ നാനാഭാഗത്തെയും സ്നേഹി കുട്ടികളെ കണ്ട് ഹർഷിതമാകുകയാണ്. സാകാര രൂപത്തിൽ സന്മുഖത്താകട്ടെ, സ്ഥൂലരൂപത്തിൽ ദൂരെയിരിക്കുകയാകട്ടെ എന്നാൽ സ്നേഹം, എല്ലാവർക്കും ബാബയുടെ അടുത്തിരിക്കുകയാണ് ഈ അനുഭവം ചെയ്യിക്കുന്നു. ഓരോ കുട്ടികളുടെയും സ്നേഹം ബാബയെ സമീപം അനുഭവം ചെയ്യിക്കുകയാണ്. താങ്കളെല്ലാ കുട്ടികളും ബാബയുടെ സ്നേഹത്തിൽ സന്മുഖത്ത് എത്തിച്ചേർന്നിരിക്കുന്നു. ബാപ്ദാദ കണ്ടു ഓരോ കുട്ടികളുടെയും ഹൃദയത്തിൽ ബാപ്ദാദയുടെ സ്നേഹം അടങ്ങിയിട്ടുണ്ട്. ഓരോരുത്തരുടെയും ഹൃദയത്തിൽ എന്റെ ബാബ ഇതേ സ്നേഹത്തിന്റെ ഗീതം മുഴങ്ങുകയാണ്. സ്നേഹം തന്നെയാണ് ഈ ദേഹത്തിൽ നിന്നും ദേഹത്തിന്റെ സംബന്ധത്തിൽ നിന്നും വേറിട്ടതാക്കുന്നത്. സ്നേഹം തന്നെയാണ് മായാജീത്താക്കുന്നത്. എവിടെ ഹൃദയത്തിന്റെ സ്നേഹമുണ്ടോ അവിടെ മായ ദൂരെ നിന്നേ ഓടിപ്പോകുന്നു. സ്നേഹത്തിന്റെ വിഷയത്തിൽ എല്ലാ കുട്ടികളും പാസാണ്. ഒന്നാണ് സ്നേഹം, രണ്ടാമതാണ് സർവശക്തിവാൻ ബാബയിലൂടെ സർവശക്തികളുടെ ഖജനാവ്.

അപ്പോൾ ഇന്ന് ബാപ്ദാദ ഒരു വശത്ത് സ്നേഹം കാണുകയാണ്,മറുവശത്ത് ശക്തിസേനയുടെ ശക്തികളെ കാണുകയാണ്. എത്രത്തോളം സ്നേഹം അടങ്ങിയിട്ടുണ്ടോ അത്രയും തന്നെ സർവ്വ ശക്തികളും അടങ്ങിയിട്ടുണ്ടോ? ബാപ്ദാദ എല്ലാ കുട്ടികൾക്കും ഒരേപോലെ സർവ്വശക്തികളും നൽകിയിട്ടുണ്ട് മാസ്റ്റർ സർവ്വശക്തിവാൻ ആക്കിയിട്ടുണ്ട്. ചിലരെ സർവ്വശക്തിവാൻ, ചിലരെ ശക്തിവാൻ അല്ല ആക്കിയിട്ടുള്ളത്. താങ്കൾ എല്ലാവരും തന്നെ തന്റെ സ്വമാനം മാസ്റ്റർ സർവ്വശക്തിവാൻ എന്നു പറയുന്നു. അപ്പോൾ ബാപ്ദാദ നാനാഭാഗത്തെയും കുട്ടികളോട് ചോദിക്കുന്നു ഓരോരുത്തരും അവനവനിൽ സർവ്വശക്തികളുടെയും അനുഭവം ചെയ്യുന്നുണ്ടോ? സദാ സർവ്വശക്തികൾക്കും മേൽ അധികാരമുണ്ടോ? സർവ്വശക്തികൾ ബാപ്ദാദയുടെ സ്വത്താണ് എങ്കിൽ തന്റെ സ്വത്തിനു മേൽ അധികാരം ഉണ്ടോ? ഉണ്ടോ അധികാരം ? ടീച്ചേഴ്സ് പറയൂ അധികാരമുണ്ടോ? ആലോചിച്ചു പറയുക. പാണ്ഡവർ അധികാരമുണ്ടോ? സദാ ഉണ്ടോ അതോ ഇടയ്ക്കിടെയാണോ? ഏതു സമയം ഏത് ശക്തിയുടെ ആവശ്യകതയാണോ അപ്പോൾ താങ്കൾ ശക്തിസേനയുടെ ആജ്ഞയിലൂടെ ആ ശക്തി ഹാജരാകുന്നുണ്ടോ? സമയത്ത് പ്രഭു ഹാജർ പറയുന്നുണ്ടോ? ആലോചിക്കൂ, നോക്കൂ, അധികാരി ആജ്ഞാപിക്കുക, ശക്തി പ്രഭോ ഹാജർ പറയുക ഏതൊരു ശക്തിയുടെ ആഹ്വാനം ചെയ്യുമ്പോഴും, എങ്ങനെയുള്ള സമയത്തും, എങ്ങനെയുള്ള പരിതസ്ഥിതിയിലും അങ്ങനെയുള്ള ശക്തി കാര്യത്തിൽ ഉപയോഗിക്കാൻ കഴിയണം. ഇങ്ങനെയുള്ള അധികാരി ആത്മാക്കളായോ? എന്തുകൊണ്ടെന്നാൽ ബാബ സ്വത്ത് നൽകി, സ്വത്തിനെ താങ്കൾ തന്റേതാക്കിയല്ലോ! എങ്കിൽ അവനവന് മേൽ അധികാരം ഉണ്ടാകുന്നു. ഏത് സമയം ഏത് രീതിയിലൂടെ ആവശ്യമുണ്ടോ ആ സമയം കാര്യത്തിൽ ഉപയോഗപ്പെടട്ടെ. ഉൾക്കൊള്ളാനുള്ള ശക്തിയുടെ ആവശ്യകതയാണ് താങ്കൾക്ക് ഉള്ളത് എന്ന് കരുതു, ആജ്ഞാപിക്കുന്നു ഉൾക്കൊള്ളാനുള്ള ശക്തിയോട്, അപ്പോൾ താങ്കളുടെ ആജ്ഞ മാനിച്ച് ശരി പ്രഭോ പറയുന്നുണ്ടോ? ഉണ്ടാകുന്നു എങ്കിൽ തലയാട്ടൂ, ശിരസ് കുലുക്കൂ. ഇടയ്ക്കിടയ്ക്ക് ഉണ്ടാകുന്നുവോ അതോ സദാ ഉണ്ടാകുന്നുണ്ടോ? ഉൾക്കൊള്ളാനുള്ള ശക്തി ഹാജരാകുന്നു പക്ഷേ 10 തവണ ഉൾക്കൊണ്ടു പതിനൊന്നാമത്തെ തവണ അല്പം മേലുകീഴാകുന്നുണ്ടോ? സദാ സഹജമായി ഹാജരാകട്ടെ, സമയം കടന്നുപോയ ശേഷം വരരുത്, ഇത് ചെയ്യണമെന്ന് ആഗ്രഹിച്ചിരുന്നു, പക്ഷേ സംഭവിച്ചു പോയി ഇങ്ങനെയാകരുത്. ഇതിനെയാണ് പറയുന്നത് സർവ്വശക്തികളുടെയും അധികാരി. ഈ അധികാരം ബാപ്ദാദ എല്ലാവർക്കും നൽകിയിട്ടുണ്ട്. എന്നാൽ കാണാൻ കഴിയുന്നത് സദാ അധികാരി ആകുന്നതിൽ യഥാക്രമം ആകുന്നു. സദാ സഹജമായി സ്വാഭാവികമായി ആകണം, സ്വഭാവമാകണം, അതിന്റെ വിധിയാണ് ബാബയെ പ്രഭു എന്നും പറയാറുള്ളത് പോലെ പറയാറുണ്ട് പ്രഭു പ്രത്യക്ഷനാണ്. വിളിച്ചാൽ വിളിപ്പുറത്ത് എന്ന് പറയുന്നു. ഏതു കുട്ടിയാണ് പ്രഭുവിന്റെ ഓരോ ശ്രീമതത്തിലും ശരി പ്രഭോ പറഞ്ഞ് പോകുന്നത്, അവർക്ക് മുന്നിൽ സർവ്വശക്തികളും ശരി പ്രഭോ പറയുന്നു. ഓരോ ആജ്ഞയിലും ശരി തയ്യാർ, ഓരോ ചുവടിലും ശരി തയ്യാർ. അഥവാ ഓരോ ശ്രീമതത്തിലും ശരി തയ്യാറല്ലെങ്കിൽ, ഓരോ ശക്തികളും ഓരോ സമയത്തും ശരി പ്രഭോ പറയുകയില്ല. അഥവാ ഇടയ്ക്കിടെ ബാബയുടെ ശ്രീമതം അഥവാ ആജ്ഞയെ പാലിക്കുന്നുവെങ്കിൽ ശക്തികളും താങ്കളുടെ ഇടയ്ക്കിടെ ഹാജരാകാനുള്ള ആജ്ഞ പാലിക്കുന്നു. ആ സമയം അധികാരിക്ക് പകരം അധീനരായി മാറുന്നു. അപ്പോൾ ബാപ്ദാദ ഈ റിസൾട്ട് പരിശോധിച്ചു എന്താണ് കണ്ടത്? യഥാക്രമം ആണ്. എല്ലാവരും നമ്പർവൺ അല്ല, നമ്പർവാർ ആണ് സദാ സഹജമാകുന്നില്ല. ഇടയ്ക്കിടെ സഹജമാകുന്നു ഇടയ്ക്ക് കുറച്ച് ബുദ്ധിമുട്ടി ശക്തി പ്രത്യക്ഷമാകുന്നു.

ബാപ്ദാദ ഓരോ കുട്ടിയെയും ബാപ്സമാനമായി കാണുവാൻ ആഗ്രഹിക്കുന്നു. യഥാക്രമം ആയി കാണുവാൻ ആഗ്രഹിക്കുന്നില്ല താങ്കളെല്ലാവരുടെയും ലക്ഷ്യവും ബാപ്സമാനമാകുന്നതിന്റെതാണ്. സമാനമാകുവാനുള്ള ലക്ഷ്യമാണോ അതോ യഥാക്രമം ആകുവാനുള്ള ലക്ഷ്യമാണോ? അഥവാ ചോദിക്കുകയാണെങ്കിൽ എല്ലാവരും പറയും സമാനമാകണം. അപ്പോൾ പരിശോധിക്കു ഒന്ന് സർവ്വ ശക്തികളും ഉണ്ടോ? സർവ എന്നതിന് അടിവരയിടൂ. സർവ്വ ഗുണങ്ങളുമുണ്ടോ? ബാപ്സമാന സ്ഥിതി ഉണ്ടോ? ഇടയ്ക്ക് സ്വയത്തിന്റെ സ്ഥിതി ഇടയ്ക്ക് എന്തെങ്കിലും പരസ്ഥിതി വിജയം പ്രാപ്തമാക്കുന്നില്ലല്ലോ? പരസ്ഥിതി അഥവാ വിജയം പ്രാപ്തമാക്കുന്നുവെങ്കിൽ അതിന്റെ കാരണം അറിയുകയില്ലേ? സ്ഥിതി ദുർബലമാണ്, അപ്പോൾ പരിതസ്ഥിതിയ്ക്ക് യുദ്ധം ചെയ്യാൻ സാധിക്കും. സദാ സ്വസ്ഥിതി വിജയി ആയിരിക്കുക  അതിനുള്ള മാർഗ്ഗമാണ് സ്വമാനത്തിന്റെയും ബഹുമാനത്തിന്റെയും സന്തുലനം. സ്വമാനധാരി ആത്മാവ് സ്വതവേ തന്നെ ബഹുമാനം നൽകുന്ന ദാതാവായിരിക്കും. വസ്തവത്തിൽ ആർക്കെങ്കിലും ബഹുമാനം നൽകുക നൽകൽ അല്ല ബഹുമാനം നൽകുക അർത്ഥം നേടലാണ്. ബഹുമാനം നൽകുന്നയാൾ എല്ലാവരുടെയും ഹൃദയത്തിൽ സ്വതവേ തന്നെ മാനനീയരാകുന്നു. ബ്രഹ്മാബാബയെ കണ്ടു ആദിദേവൻ ആയിട്ടും ഡ്രാമയുടെ ആദ്യ ആത്മാവായിട്ടും സദാ കുട്ടികൾക്ക് ബഹുമാനം നൽകി. തന്നെക്കാളും അധികം കുട്ടികൾക്ക് ബഹുമാനം ആത്മാക്കളിലൂടെ നൽകിച്ചു, അതിനാൽ ഓരോരോ കുട്ടികളുടെയും ഹൃദയത്തിൽ ബ്രഹ്മാബാബ മാനനീയനായി. അപ്പോൾ ബഹുമാനം നൽകിയോ അതോ ബഹുമാനം നേടിയോ? ബഹുമാനം നൽകുക അർത്ഥം മറ്റുള്ളവരുടെ ഹൃദയത്തിൽ സ്നേഹത്തിന്റെ ബീജം മുളപ്പിക്കുക. വിശ്വത്തിന് മുന്നിലും വിശ്വമംഗളകാരി ആത്മാവാണ്, ഇത് അപ്പോഴാണ് അനുഭവം ചെയ്യാൻ സാധിക്കുക എപ്പോഴാണോ ആത്മാക്കൾക്ക് സ്നേഹത്തോടെ ബഹുമാനം നൽകുന്നത്.

അപ്പോൾ ബാപ്ദാദ വർത്തമാന സമയത്ത് ഓരോരുത്തർക്കും പരസ്പരം ബഹുമാനം നൽകുന്നതിനുള്ള ആവശ്യകത കണ്ടു. ബഹുമാനം നൽകുന്നയാൾ തന്നെ വിധാതാവായ ആത്മാവായി കാണപ്പെടുന്നു. ബഹുമാനം നൽകുന്നവർ തന്നെയാണ് ബാപ്ദാദയുടെ ശ്രീമതം (ശുഭ ഭാവന, ശുഭകാമന) മാനിക്കുന്ന ആജ്ഞാകാരി കുട്ടികൾ. ബഹുമാനം നൽകുക തന്നെയാണ് ഈശ്വരിയ കുടുംബത്തിന്റെ ഹൃദയത്തിന്റെ സ്നേഹം. ബഹുമാനിക്കുന്നവർക്ക് സ്വമാനത്തിൽ സഹജമായി തന്നെ സ്ഥിതി ചെയ്യാൻ സാധിക്കുന്നു. എന്തുകൊണ്ട്? ഏത് ആത്മാക്കൾക്ക് ബഹുമാനം നൽകുന്നുവോ ആ ആത്മാക്കളിലൂടെ എന്താണോ ഹൃദയത്തിന്റെ ആശീർവാദങ്ങൾ ലഭിക്കുന്നത്, ആ ആശിർവാദങ്ങളുടെ ഭണ്ഡാരം സ്വമാനത്തെ സഹജമായും സ്വതവേയും ഓർമ്മയുണർത്തുന്നു. അതിനാൽ നാനാഭാഗത്തേയും കുട്ടികൾക്ക് വിശേഷിച്ച് അടിവര ഇടീക്കുകയാണ് ബഹുമാനദാതാവാകൂ.

ബാപ്ദാദയുടെ അടുക്കൽ ഏതൊരു കുട്ടി എങ്ങനെ വന്നാലും, ദുർബലമായി വന്നാലും, സംസ്കാരത്തിന് വശപ്പെട്ട് വന്നാലും, പാപങ്ങളുടെ ഭാരവുമായി വന്നാലും, പല സംസ്കാരവും കൊണ്ടുവന്നാലും, ബാപ്ദാദ ഓരോ കുട്ടികളെയും ഏത് ദൃഷ്ടിയോടെ കണ്ടു! എന്റെ നഷ്ടപ്പെട്ട് തിരികെ കിട്ടിയ ഓമനകുട്ടിയാണ്, ഈശ്വരിയകുടുംബത്തിലെ കുട്ടിയാണ്. അപ്പോൾ ബഹുമാനം നൽകി, താങ്കൾ സ്വമാന ധാരിയായി. അപ്പോൾ അച്ഛനെ പിന്തുടരു. അഥവാ സഹജമായി സർവ്വഗുണസമ്പന്നനാകണമെങ്കിൽ ബഹുമാനദാതാവ് ആകൂ. മനസ്സിലായോ! സഹജം അല്ലേ! സഹജമാണോ അതോ ബുദ്ധിമുട്ടാണോ? ടീച്ചർമാർ എന്താണ് കരുതുന്നത്, സഹജമല്ലേ? ചിലർക്ക് നൽകുന്നത് സഹജമാണ്, ചിലർക്ക് ബുദ്ധിമുട്ടാണ് അതോ എല്ലാവർക്കും നൽകാൻ സഹജമാണോ? താങ്കളുടെ ടൈറ്റിൽ ആണ് സർവ്വ ഉപകാരി. അപകാരം ചെയ്യുന്നവർക്ക് മേലും ഉപകാരം ചെയ്യുന്നവർ. അപ്പോൾ പരിശോധിക്കു സർവ്വ ഉപകാരി ദൃഷ്ടി, വൃത്തി, സ്മൃതി ഉണ്ടോ? മറ്റുള്ളവർക്ക് ഉപകാരം ചെയ്യുക സ്വയത്തിന് തന്നെ ഉപകാരം ചെയ്യലാണ്. അപ്പോൾ എന്ത് ചെയ്യണം? ബഹുമാനം നൽകണ്ടേ! പല പല കാര്യങ്ങളുടെ ധാരണ ചെയ്യുന്നതിനുള്ള പ്രയത്നം നടത്തുന്നു അതിൽ നിന്നും മോചിതരാകും. എന്തെന്നാൽ ബാപ്ദാദ കാണുന്നുണ്ട് സമയത്തിന്റെ ഗതി തീവ്രമാകുകയാണ്. സമയം കാത്തിരിക്കുകയാണ്, അപ്പോൾ താങ്കൾ ഏവർക്കും തയ്യാറെടുപ്പ് നടത്തണം. സമയത്തിന്റെ കാത്തിരിപ്പ് സമാപ്തമാക്കണം. എന്താ തയ്യാറാകണ്ടേ? തന്റെ സമ്പൂർണ്ണതയുടെയും സമാനതയുടെയും ഗതി തീവ്രമാക്കണം. ചെയ്തുകൊണ്ടിരിക്കുകയാണ് എന്നല്ല തീവ്രഗതിയെ പരിശോധിക്കു തീവ്രഗതിയുണ്ടോ?

ബാക്കി സ്നേഹത്താൽ പുതിയ പുതിയ കുട്ടികളും എത്തിച്ചേർന്നിട്ടുണ്ട്,ബാപ്ദാദ പുതിയ പുതിയ കുട്ടികളെ കണ്ട് സന്തോഷിക്കുകയാണ്. ആരാണ് ആദ്യമായി വന്നിരിക്കുന്നത് അവർ കൈ ഉയർത്തു. ധാരാളമുണ്ട്. എന്തായാലും അച്ഛന്റെ വീട്ടിലെത്തി, സ്വന്തം വീട്ടിൽ, ആശംസകൾ. ശരി.

സേവനത്തിന്റെ ടേൺ കർണാടകയുടേതാണ് : കർണാടകക്കാർ എണീക്കൂ. സേവനത്തിന്റെ സ്വർണിമ അവസരത്തിന് ആശംസകൾ. നോക്കൂ ആദ്യ നമ്പർ എടുത്തു എങ്കിൽ ആദ്യ നമ്പറിൽ തന്നെ  ഇരിക്കേണ്ടേ! പുരുഷാർത്ഥത്തിൽ വിജയി ആകുന്നതിൽ എല്ലാത്തിലും ആദ്യ നമ്പർ നേടുന്നവർ.  രണ്ടാമത്തെ ന

മ്പർ എടുക്കരുത് ഒന്നാമത്തെ നമ്പർ. ഉണ്ടോ ധൈര്യം? ധൈര്യമുണ്ടോ? അപ്പോൾ ധൈര്യം താങ്കളുടേത് ആയിരം മടങ്ങ് സഹായം ബാബയുടെത്. നല്ല അവസരം എടുത്തു. തന്റെ പുണ്യത്തിന്റെ കണക്ക് വളരെ വളരെ ശേഖരിക്കപ്പെട്ടു. നല്ലത്, കർണാടക മെഗാ പ്രോഗ്രാം ചെയ്തുവോ? ചെയ്തിട്ടില്ല, എന്തുകൊണ്ട്? എന്തുകൊണ്ട് ചെയ്തില്ല? കർണാടകയ്ക്ക് എല്ലാത്തിലും ആദ്യത്തെ നമ്പർ നേടണം. (ബാംഗ്ലൂരിൽ ചെയ്യും) ശരി, ആരെല്ലാം തന്നെ വലിയ പ്രോഗ്രാം ചെയ്തുവോ അവർ എണീക്കൂ. എത്ര പരിപാടി ആയി? ( 8 10 എണ്ണം ആയിട്ടുണ്ട് ) അപ്പോൾ ബാപ്ദാദ വലിയ പരിപാടിക്കുള്ള വലിയ ആശംസ നൽകുകയാണ്. സോൺ എത്രയാണ്! ഓരോ സോണിനും വലിയ പരിപാടി ചെയ്യണം, എന്തെന്നാൽ താങ്കളുടെ പട്ടണത്തിൽ പരാതിക്കാർ പരാതിപ്പെടുകയില്ല. വലിയ പ്രോഗ്രാമിൽ താങ്കൾ പരസ്യവും വലുതായി ചെയ്യുമല്ലോ. മീഡിയയിലൂടെ ആകട്ടെ, പോസ്റ്ററിലൂടെ ആകട്ടെ, തലക്കെട്ട് എല്ലാം ഭിന്നഭിന്ന മാർഗത്തിലൂടെ ഉണ്ടാക്കുമ്പോൾ പരാതി കുറഞ്ഞു പോകും. ബാപ്ദാദയ്ക്ക് ഈ സേവനം ഇഷ്ടമാണ് പക്ഷേ... പക്ഷേ ഉണ്ട്. പരിപാടി വലുതായി ചെയ്തു അതിന് എന്തായാലും ആശംസകൾ. പക്ഷേ ഓരോ പരിപാടിയിലൂടെ ഏറ്റവും കുറഞ്ഞത് 108 ന്റെ മാല തയ്യാറാകണം. അതെവിടെയാണ് ഉണ്ടായത്? ചുരുങ്ങിയത് 108 പരമാവധി 16000. എന്നാൽ ഇത്രയും ഊർജ്ജം ചെലവാക്കി ഇത്രയും സമ്പത്ത് ചെലവാക്കി അതിന്റെ റിസൾട്ട് ഏറ്റവും ചുരുങ്ങിയത് 108 തയ്യാറാകണം. എല്ലാവരുടെയും വിലാസം താങ്കളുടെ പക്കൽ ഉണ്ടായിരിക്കണം. വലിയ പരിപാടിയിൽ ആരെയെല്ലാം കൊണ്ടുവരുന്നുവോ അവരുടെ അടുക്കൽ അവരുടെ വിവരങ്ങൾ ഉണ്ടായിരിക്കും, അപ്പോൾ അവരെ വീണ്ടും സമീപം കൊണ്ടുവരണം. ഇങ്ങനെയല്ല ഞങ്ങൾ ചെയ്തുവല്ലോ എന്നാൽ എന്തൊരു കാര്യം ചെയ്യുന്നുവോ അതിന്റെ ഫലം പുറത്തുവരണമല്ലോ. അപ്പോൾ ഓരോ വലിയ പരിപാടി ചെയ്യുന്നവർക്കും ഈ റിസൾട്ട് ബാപ്ദാദയ്ക്ക് നൽകണം. ഭിന്നഭിന്ന സെന്ററുകളിൽ പോയാലും ഏത് പട്ടണത്തിലേതായാലും അവിടെ പോകാം പക്ഷേ റിസൾട്ട് പുറത്തുവരണം. ശരിയല്ലേ സാധിക്കില്ലേ! കുറച്ച് ശ്രദ്ധ നൽകിയാൽ? പുറത്തുവരും, 108 ഒന്നും തന്നെയല്ല. എന്നാൽ റിസൾട്ട് ബാപ്ദാദ കാണാൻ ആഗ്രഹിക്കുന്നു. ചുരുങ്ങിയത് വിദ്യാർത്ഥി ആകട്ടെ. സഹയോഗത്തിൽ മുന്നോട്ടു വരട്ടെ, ആരാര് എത്ര പുറത്തു വരുന്നുണ്ട്, അത് ബാപ്ദാദ ഈ സീസണിൽ റിസൾട്ട് കാണാൻ ആഗ്രഹിക്കുന്നു. ശരിയല്ലേ? പാണ്ഡവരെ ശരിയല്ലേ? അപ്പോൾ കാണാം ആരാണ് നമ്പർ വൺ?. എത്രതന്നെ പുറത്തു വന്നാലും, തീർച്ചയായും പുറത്തു വരട്ടെ. എന്താണ്, പരിപാടി ഉണ്ടാകുന്നു എന്നാൽ മുന്നോട്ടുള്ള സമ്പർക്കം അതിൽ കുറച്ച് ശ്രദ്ധ കുറഞ്ഞുപോകുന്നു. ആരെങ്കിലുമൊക്കെ പുറത്തു വരുന്നത് വളരെ പ്രയാസപ്പെട്ടാണ്. ബാക്കി കുട്ടികളുടെ ധൈര്യം കണ്ട് ബാപ്ദാദ സന്തുഷ്ടനാണ്. മനസ്സിലായോ. ശരി.

ശരി ഇപ്പോൾ എല്ലാവരും ഒരു സെക്കൻഡിൽ, ഒരു സെക്കൻഡ് ഒരു മിനിറ്റ് അല്ല, ഒരു സെക്കൻഡിൽ ഞാൻ മാലാഖയിൽ നിന്നും ദേവതയാകുന്നു ഈ മനസാ ഡ്രിൽ സെക്കൻഡിൽ അനുഭവം ചെയ്യൂ. ഇങ്ങനെയുള്ള ഡ്രിൽ ദിവസത്തിൽ ഒരു സെക്കൻഡിൽ വീണ്ടും വീണ്ടും ചെയ്യൂ. എങ്ങനെയാണ് ശാരീരികമായ ഡ്രിൽ ശരീരത്തെ ശക്തിശാലിയാക്കുന്നത് അങ്ങനെ ഈ മനസ്സിന്റെ ഡ്രിൽ മനസ്സിനെ ശക്തിശാലിയാക്കുന്നതാണ്. ഞാൻ മാലാഖയാണ് ഈ പഴയ ലോകം, പഴയ ദേഹം, പഴയ ദേഹത്തിന്റെ സംസ്കാരത്തിൽ നിന്നും വേറിട്ട മാലാഖ ആത്മാവാണ്. ശരി!

നാനാ ഭാഗത്തെയും അതി സ്നേഹി, സദാ സ്നേഹത്തിന്റെ സാഗരത്തിൽ അലിഞ്ഞിരിക്കുന്ന ആത്മാക്കൾക്ക്, സദാ സർവ്വശക്തികളുടെയും അധികാരിയായ ശ്രേഷ്ഠ ആത്മാക്കൾക്ക്, സദാ ബാപ്സമാനാകുന്ന ബാബയുടെ പ്രിയപ്പെട്ട ആത്മാക്കൾക്ക്, സദാ സ്വമാനത്തിൽ കഴിയുന്ന ഓരോ ആത്മാവിനും ബഹുമാനം നൽകുന്ന സർവരുടെയും മാനനിയരാകുന്നവരായ ആത്മാക്കൾക്ക്, സദാ സർവ്വ ഉപകാരി ആത്മാക്കൾക്ക് ബാപ്ദാദയുടെ ഹൃദയത്തിന്റെ സ്നേഹ സ്മരണയും ഹൃദയത്തിൽ നിന്നുള്ള ആശീർവാദങ്ങളും സ്വീകരിച്ചാലും. ഒപ്പം ഒപ്പം വിശ്വത്തിന്റെ അധികാരി ആത്മാക്കൾക്ക് നമസ്തേ.

ദാദിജിയോട് : ബഹുമാനം നൽകുന്നതിൽ നമ്പർ വൺ പാസ് ആണ്. നല്ലതാണ് എല്ലാ ദാദിമാരിൽ നിന്നും മധുബന് ശോഭയാണ്. (സഭയോട്) എല്ലാവർക്കും ദാദിമാരിൽ നിന്നും ശോഭ നന്നായി തോന്നുന്നില്ലേ. ദാദിമാരുടെ ശോഭയിലൂടെ മധുബനിൽ ശോഭ ഉണ്ടാകുന്നത് പോലെ, താങ്കൾ എല്ലാവരും ദാദിയല്ല ദീദിമാരും ദാദമാരും ആകണം. അപ്പോൾ എല്ലാ ദീദിമാരും, എല്ലാ ദാദമാരും എല്ലാവർക്കും ഇത് ചിന്തിക്കണം, ചെയ്യണം. എവിടെ കഴിയുകയാണെങ്കിലും ആ സ്ഥലത്തെ ശോഭയാകണം. ദാദിമാരിൽ നിന്നും ശോഭയുണ്ടാകുന്നതുപോലെ എല്ലാ സ്ഥലത്തും ശോഭ ഉണ്ടാകണം എന്തെന്നാൽ ദാദിയ്ക്കു പിറകെ ദീദിമാരല്ലേ ഉള്ളത്, കുറവൊന്നും അല്ല. ദാദമാരും ഉണ്ട് ദീദിമാരും ഉണ്ട്. അപ്പോൾ ഒരു സെന്ററിലും വരണ്ടിരിക്കരുത്, ശോഭ ഉണ്ടാകണം. താങ്കൾ ഓരോരുത്തരും വിശ്വത്തെ ശോഭിപ്പിക്കുന്ന ആത്മാക്കളാണ്. അപ്പോൾ ഏതൊരു സ്ഥലത്ത് ആയിക്കോട്ടെ, ആ ശോഭയുടെ സ്ഥലം ദൃശ്യമാകണം. ശരിയല്ലേ? എന്തെന്നാ

ൽ ലോകത്തിൽ പരിധിയുള്ള ശോഭയുണ്ട്, താങ്കൾ ഓരോരുത്തരിലും പരിധിയില്ലാത്ത ശോഭയാണ്. സ്വയം സന്തോഷം, ശാന്തി, അതീന്ദ്രിയ സുഖത്തിന്റെ ശോഭയിലാകുമ്പോൾ ആ സ്ഥലവും ശോഭയിലേക്ക് വരും, എന്തെന്നാൽ സ്ഥിതിയിലൂടെ സ്ഥലത്ത് അന്തരീക്ഷം പരക്കുന്നു. അപ്പോൾ എല്ലാവർക്കും പരിശോധിക്കണം എവിടെയാണോ നാം കഴിയുന്നത് അവിടെ ശോഭയുണ്ടോ? ഉദാസീനമല്ലല്ലോ? എല്ലാവരും സന്തോഷത്തിൽ നൃത്തം ചെയ്തുകൊണ്ടിരിക്കുകയാണോ? ഇങ്ങനെയല്ലേ! താങ്കൾ ദാദിമാരുടെ ജോലി ഇതല്ലേ! ദീദിമാരും ദാദമാരും ഫോളോ ചെയ്യൂ. ശരി

എല്ലാ വശത്തു നിന്നും ആരെല്ലാം സ്നേഹി കുട്ടികൾ ബാപ്ദാദയെ ഹൃദയത്തിൽ ഓർമ്മിക്കുന്നുണ്ടോ, അഥവാ കത്തുകൾ, ഇമെയിലിലൂടെ ഓർമ്മ അയച്ചിട്ടുണ്ടോ ആ നാനാവശത്തുമുള്ള കുട്ടികളെ ബാപ്ദാദ ദൂരെയല്ല കാണുന്നത്, എന്നാൽ ഹൃദയസിംഹാസനത്തിൽ കാണുകയാണ്. ഏറ്റവും സമീപം ഹൃദയമാണ്. അപ്പോൾ ഹൃദയത്തിൽ നിന്നും ഓർമ്മ നൽകുന്നവർക്ക്, ഓർമ്മ അയക്കുന്നവരല്ല എന്നാൽ ഓർമ്മയിലാണ്, ആ എല്ലാവരെയും ഹൃദയസിംഹാസനധാരിയായി കാണുകയാണ്. പ്രതികരിക്കുകയാണ്. ദൂരെയിരുന്നും നമ്പർവൺ തീവ്ര പുരുഷാർത്ഥി ഭവ.

## വരദാനം : ആലസ്യത്തിന്റെ ഉറക്കത്തിന് വിട നൽകുന്നവരായ നിദ്രാജീത്ത് ചക്രവർത്തിയായി ഭവിക്കട്ടെ.

സാക്ഷാത്കാരമൂർത്തിയായി ഭക്തർക്ക് സാക്ഷാത്കാരം ചെയ്യിക്കുന്നതിന് വേണ്ടി നിദ്രാജിത്ത് ആകൂ. വിനാശകാലത്തെ എപ്പോഴാണോ മറക്കുന്നത് അപ്പോൾ ആലസ്യത്തിന്റെ ഉറക്കം വരുന്നു. ഭക്തരുടെ വിളി കേൾക്കൂ, ദുഖി ആത്മാക്കളുടെ ദുഃഖത്തിന്റെ വിളി കേൾക്കൂ, ദാഹിക്കുന്ന ആത്മാക്കളുടെ പ്രാർത്ഥനയുടെ ശബ്ദം കേൾക്കു, എങ്കിൽ ഒരിക്കലും ആലസ്യത്തിന്റെ ഉറക്കം വരികയില്ല. അപ്പോൾ ഇനി സദാ ഉണർന്നിരിക്കുന്ന ജ്യോതിയായി ആലസ്യത്തിന്റെ ഉറക്കത്തിന് വിട നൽകൂ, സാക്ഷാത്കാര മൂർത്തിയാകൂ.

## സ്ലോഗൻ : ശരീരം മനസ്സ് ധനം, മനസ് വാക്ക് കർമ്മം ഏതെങ്കിലും തരത്തിലൂടെ ബാബയുടെ കർത്തവ്യത്തിൽ സഹയോഗിയാകു, എങ്കിൽ സഹജയോഗിയായി മാറും

**അവ്യക്ത സൂചനകൾ – സത്യതയും സഭ്യതയും ആകുന്ന സംസ്കാരത്തെ സ്വന്തമാക്കൂ**
ബാബയെ ഗോഡ് ഈസ് ട്രൂത്ത് എന്ന് പറയുന്നതുപോലെ സത്യതയാണ് ബാബയ്ക്ക് പ്രിയം. സത്യമായ ഹൃദയത്തിൽ പ്രഭു സംപ്രീതനാണ്. അപ്പോൾ ഹൃദയസിംഹാസനധാരി സേവനയുക്തരായ കുട്ടികളുടെ സംബന്ധ സമ്പർക്കത്തിൽ, ഓരോ സങ്കൽപ്പത്തിൽ, വാക്കിൽ സത്യതയും ശുദ്ധതയും കാണപ്പെടും. അവരുടെ ഓരോ സങ്കല്പം, ഓരോ വചനം സത്യമാകും.